"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 238/09 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2321/2024/LSGD തീയതി, തിരുവനന്തപുരം, 29-11-2024**

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04/07/2024 തീയതിയിലെ എ3/895/2009/ടിഡിഎ നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം. 1667/2024/ത.സ്വ.ഭ.വ, തീയതി, 10/09/2024.

3. സ.ഉ.(സാധാ) നം. 7957/2024/ധന, തീയതി, 25/10/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി 0.36 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 238/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 4,99,851/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി ഉദയകുമാരിക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 238/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 4,99,851/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി ഉദയകുമാരിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 5,00,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ 1675-1-1 -ൽ പെട്ടതും ശ്രീമതി ഉദയകുമാരിയുടെ

ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 00.36 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 238/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 4,99,851/- രൂപ മാത്രം (നാല് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി ഉദയകുമാരി (D/o എൻ. ബാഹുലേയൻ, എം.ബി.എസ്. ഭവൻ, കാപ്പിൽ പി.ഒ., ചിറയിൻകീഴ്) എന്നയാൾക്ക് '4217-60-800-93 Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ നിന്ന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ) തിരുവനന്തപുരം.
ശ്രീമതി ഉദയകുമാരി, D/o എൻ. ബാഹുലേയൻ, എം.ബി.എസ്. ഭവൻ, കാപ്പിൽ പി.ഒ., ചിറയിൻകീഴ് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/195/2024/FIN. dated 01/11/2024).
തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ് (IA4/162/2023-LSGD)
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/194/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 29-11-2024 15:18:18
സെക്ഷൻ ഓഫീസർ